श्रीशङ्कराचार्यसंस्कृतसर्वकलाशाला, कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

നം.എസിഡി.എ 2/1842/എസ്.എസ്.യു.എസ്./2020 Date: 03.07.2020

**പരിപത്രം**

വിഷയം :- സർവ്വകലാശാല ഗവേഷണ ഫെല്ലോഷിപ്പ് ലഭ്യമാകുന്നതിന് അപേക്ഷ നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1. 24.06.2020 തീയതിയിലെ ഇതേ നമ്പർ പരിപത്രം

2. 26.06.2020 തീയതിയിൽ രേഷ്മ ചന്ദ്രശേഖരൻ സമർപ്പിച്ച ഇ-മെയിൽ അപേക്ഷ

2019-20 ൽ പ്രവേശനം നേടിയ എം.ഫിൽ/പി.എച്ച്.ഡി. ഗവേഷകരിൽ നിന്ന് മാർഗ്ഗദർശി/വകുപ്പ് മേധാവിയുടെ ശിപാർശയോടെ 10.07.2020 തീയതിക്കുള്ളിൽ സർവ്വകലാശാല ഗവേഷണ ഫെല്ലോഷിപ്പ് അപേക്ഷ സമർപ്പിക്കാൻ മേൽ സൂചന (1) പ്രകാരം പരിപത്രവും, നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചിരുന്നു.

മേൽ സൂചന (2) പ്രകാരം രേഷ്മ ചന്ദ്രശേഖരൻ സമർപ്പിച്ച ഇ-മെയിൽ അപേക്ഷ പരിഗണിച്ചുകൊണ്ട് താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്താൻ ബഹു. വൈസ് ചാൻസലർ ഉത്തരവായ വിവരം അറിയിക്കുന്നു.

1. ഫെല്ലോഷിപ്പ് അപേക്ഷ ഫോറം പൂരിപ്പിച്ച് അതത് വിഭാഗങ്ങളിലെ വകുപ്പദ്ധ്യക്ഷൻമാരുടെ ഔദ്യോഗിക ഇ-മെയിലിലേക്ക് അയക്കാവുന്നതാണ്.
2. അപ്രകാരം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്ത ഗവേഷകർക്ക് ഗവേഷണ കാലയളവിലെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കാൻ യു.ജി.സി. അനുവദിക്കുന്ന 6 മാസത്തെ കാലയിളവ് അനുവദിക്കാവുന്നതാണ്.
3. എല്ലാ വകുപ്പുകളിലെയും വകുപ്പദ്ധ്യക്ഷൻമാർ/ വകുപ്പദ്ധ്യക്ഷൻമാരുടെ ചുമതല വഹിക്കുന്നവർ/മാർഗ്ഗ ദർശി ബന്ധപ്പെട്ട രേഖകളിൽ ശിപാർശ രേഖപ്പെടുത്തേണ്ടതാണ്.

ഒപ്പ്

ജോർജ് സി.സി.

ജോയിന്റ് രജിസ്ട്രാർ (അക്കാദമിക്)

രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:-

1. എല്ലാ റിസർച്ച് വകുപ്പദ്ധ്യക്ഷൻമാർക്കും
2. ഡയറക്ടർ, പ്രാദേശിക കേന്ദ്രം കൊയിലാണ്ടി
3. ഐ.ടി. ഇൻ ചാർജ്ജ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. വിസി/പിവിസി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
5. ഡി.എസ്.എസ്. /അസിസ്റ്റന്റ് രജിസ്ട്രാർ (ഡിപ്പാർട്ടുമെന്റൽ സിസ്റ്റം)
5. ജെ.ആർ/എ.ആർ (അക്കാദമിക്/പരീക്ഷാ)
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ